(ബി) ഭക്ഷ്യസുരക്ഷാ ഓഫീസർമാർ വാട്ടർ അതോറിറ്റി വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെയുൾപ്പെടെയുള്ള സാമ്പിളുകൾ ശേഖരിച്ച്, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ലൈസൻസോ/രജിസ്ട്രേഷനോ ഉള്ളതും BIS സർട്ടിഫിക്കറ്റും അനുമതിയും ഉള്ളതുമായ സ്ഥാപനങ്ങൾക്ക് മാത്രമേ കുടിവെള്ളം കുപ്പിയിലാക്കി വിതരണം നടത്തുവാൻ അനുമതി നൽകിയിട്ടുള്ളൂ. വിലനിലവാരം നിയന്ത്രിക്കുന്ന കാര്യം, ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ അധികാര പരിധിയിൽ വരുന്നതല്ല.

ആയുർവേദ ഡിസ്പെൻസറികൾ

34 (4317) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

നെന്മാറ നിയോജക മണ്ഡലത്തിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ

35 (4318) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജക മണ്ഡലത്തിലെ സർക്കാർ ആശുപത്രികളിലെ സേവനം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(ബി) ഇനി എന്തെല്ലാം പ്രവർത്തനങ്ങളാണ് നെന്മാറ നിയോജക മണ്ഡലത്തിലെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് നടത്താൻ ഉദ്ദേശിക്കുന്നത്; ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ നിലവിലുണ്ടോ; വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly